LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാന്റുകൾ) ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചാണ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സ്ഥലം ഒരുക്കേണ്ടത്.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 472, 474 എന്നീ വകുപ്പുകൾ പ്രകാരമാണ് നഗരസഭകൾ പൊതുവണ്ടിത്താവളങ്ങൾ ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ ചെയ്യുന്നത്. ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനങ്ങൾ അനുസരിച്ചാണ് ടാക്സി സ്റ്റാൻഡുകളും ഓട്ടോറിക്ഷാ സ്റ്റാന്റുകളും അനുവദിക്കുന്നത്.

(ബി) മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരമില്ലാത്തതുമായ ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ സംസ്ഥാനത്തുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

വൻകിട മാലിന്യ സംസ്കരണ പദ്ധതികൾ

115 (1489) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പരിധിയിൽ വൻകിട മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) 2012-13 ബഡ്ജറ്റിലെ ഈ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതികൾ നടപ്പാക്കുന്നതിനായി എത്ര തുകയാണ് ഓരോ വർഷത്തെ ബഡ്ജറ്റിലും വകയിരുത്തിയിരുന്നത്;

(ഡി) ഇങ്ങനെ വകയിരുത്തപ്പെട്ട തുകയിൽ എത്ര തുക ചെലവഴിക്കപ്പെട്ടുവെന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) തിരുവനന്തപുരം, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വൻകിട മാലിന്യ സംസ്കരണ പ്ലാന്റുകൾ പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതാണെന്ന്

2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ പ്രഖ്യാപന പ്രകാരം പ്ലാന്റുകൾ യാഥാർത്ഥ്യമായിട്ടില്ല. ആകയാൽ ഈയിനത്തിൽ ഇതുവരെയൊന്നും ചെലവഴിച്ചിട്ടില്ല

ക്ലീൻ കേരള കമ്പനി

116 (1490) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള കമ്പനി രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രസ്തുത കമ്പനി എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്;

(സി) ഇത്തരം മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കളക്ഷൻ സെന്ററുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി, പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ, പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും അതുവഴി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് പ്രധാന ലക്ഷ്യം. കൂടാതെ സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും, ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്നതും ഇതിന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

(ബി) ലോഗ്രേഡ് വിഭാഗം ഉൾപ്പെടെയുള്ള 187 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ അംഗീകൃത ഏജൻസികൾ മുഖേന ശേഖരിച്ചും 149 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ചും പ്രോസസ്സിംഗ് ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് പ്രോസസ്സിംഗിനുവേണ്ടി സ്ഥലവും, കെട്ടിടവും നൽകുന്ന നഗരസഭകളിൽ റിസോർസ് റിക്കവറി സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രോസസ്സ് ചെയ്യുവാൻ റിസോർസ് റിക്കവറി സെന്ററുകൾ ആരംഭിക്കുവാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ ടി സെന്റർ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly